**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6033** **09-11-2021 - ൽ മറുപടിയ്ക്ക്**

**മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ന്യായമായ വില നിശ്ചയിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് സ.ഉ(സാധാ) 68/2010 വനം, തീയതി 10.02.2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്. |
| (ബി) | സോഷ്യൽ ഫോറസ്ട്രി വകുപ്പ് മരങ്ങൾക്ക് നിശ്ചയിക്കുന്ന വില പ്രാദേശിക വിലയുമായി തുലനം ചെയ്യുമ്പോൾ വളരെക്കുറവാണ് എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരം നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തി മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്. |
| (സി) | പൊതു ആവശ്യങ്ങൾക്ക് വേണ്ടി മുറിച്ചുമാറ്റേണ്ടി വരുന്ന മരങ്ങളുടെ വില നിശ്ചയിക്കുമ്പോൾ അവ മുറിച്ചു നീക്കാനുള്ള ചെലവ് വിലയിൽ നിന്ന് തട്ടിക്കിഴിക്കാനും പ്രാദേശികമായി ലേലം ചെയ്ത് കിട്ടാവുന്ന വില ആയതിന് കണക്കാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പൊതു ആവശ്യങ്ങൾക്കുവേണ്ടി മുറിച്ചുമാറ്റുന്ന മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്. പൊതുസ്ഥലങ്ങളിലെ മുറിച്ചു മാറ്റേണ്ട നിൽപ്പുമരങ്ങളുടെ വില നിശ്ചയിക്കൽ മാത്രമാണ് ഇപ്രകാരം നടക്കുന്നത്. തുടർന്നുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പുകളാണ്. |

സെക്ഷൻ ഓഫീസർ